# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3708 — 21.06.2018-ൽ മറുപടിയ്ക്ക്

### വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ്<br>,, അനൂപ് ജേക്കബ്<br>,, എ.പി. അനിൽ കുമാർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമായിരുന്നു. അതനുസരിച്ച് 2017-18 സാമ്പത്തിക വർഷം 13 ശതമാനം വർദ്ധനവ് ( ജി.എസ്.ടി.യും ജി.എസ്.ടി. കോമ്പൻസേഷനും ഉൾപ്പെടെ) കൈവരിക്കുവാൻ കഴിഞ്ഞു. |
| (ബി) | യാതൊരു നിയന്ത്രണവുമില്ലാതെ ആർഭാടത്തിനും ഉദ്ഘാടനചടങ്ങുകൾക്കും വൻ തുക പല വകുപ്പുകളും ചെലവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനെന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. പരിശോധിക്കുന്നതാണ്. |
| (സി) | കേരള മൂല്യവർദ്ധിത നികുതി കടിശ്ശിക തീർപ്പാക്കുന്നതിന് 2017-18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീമിന്റെ കാലാവധി നീട്ടിയതിലൂടെ അധികവരുമാനം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | കേരള മൂല്യ വർദ്ധിത നികുതി കടിശ്ശിക തീർപ്പാക്കുന്നതിന് 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീമിന്റെ കാലാവധി നീട്ടിയതിലൂടെ അധികവരുമാനം ലഭിച്ചിട്ടുണ്ട്. അപേക്ഷ നൽകുവാനും, നികുതി അടയ്ക്കുന്നതിനുമുള്ള കാലാവധി കഴിയാത്തതിനാൽ പൂർണ്ണമായ വിശദാംശം ഇതു കഴിഞ്ഞേ ലഭ്യമാകൂ. |

| | | | |
|---|---|---|---|
| (ഡി) | അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീം ലക്ഷ്യമിട്ട തുക സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചതിനു ശേഷം ഏകദേശം 17.5 കോടി രൂപ സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. നാളിതുവരെ പുതുച്ചേരി വാഹനങ്ങളിൽ നിന്നും 35.18 കോടി രൂപ നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഇത്തരം വാഹന ഉടമകളിൽ നിന്നും ആംനെസ്റ്റി സ്കീമിന്റെ കാലാവധി കഴിഞ്ഞ ശേഷവും നികുതി ലഭിച്ചു വരുന്നുണ്ട്.<br>ചില വാഹന ഉടമകൾ ബഹു. ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് വാങ്ങിയതിനാൽ ആംനെസ്റ്റി സ്കീം വഴി പ്രതീക്ഷിച്ച വരുമാനം ലഭിച്ചിട്ടില്ല. ബഹു. ഹൈക്കോടതിയുടെ സ്റ്റേ വെക്കേറ്റ് ചെയ്യുവാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ